# നൻമയുള്ള പൊൻമാൻ

• ശങ്കുചേർത്തല

അധികം വെള്ളമില്ലാത്ത പഴയൊരു കുളമായിരുന്നു അത്. ആരും ഉപയോഗിക്കാതായതോടെ പായലും ചണ്ടിയും പിടിച്ചിട്ടുണ്ട്. എവിടെ നിന്നോ കറങ്ങിത്തിരിഞ്ഞുവന്ന മണ്ടുകൻ ആമക്ക് കുളവും പരിസരവും ഇഷ്ടമായി. ആരുടെയും കണ്ണിൽപ്പെടാതെ സുഖമായി, സുരക്ഷിതമായി കഴിയാം. കുളവും അതിലെ ചെറുമൽസ്യങ്ങളെയും ആശ്രയിച്ചു ജീവിക്കുന്ന മറ്റൊരാൾ കൂടിയുണ്ടായിരുന്നു, സുന്ദരി പൊൻമാൻ.

കുളത്തിന് സമീപമുള്ള പ്ലാവിലാണ് അവളുടെ വിശ്രമം. ഇടക്ക് വെള്ളത്തിനുമീതെ പൊങ്ങി വരുന്ന മൽസ്യങ്ങളെ അവൾ നോക്കിയിരിക്കും. കണ്ണിൽ പെട്ടാൽ മിന്നൽ പോലെ താഴേക്ക് പായും. തിരിച്ചു പറക്കുന്ന അവളുടെ നീളൻ ചുണ്ടിൽ പിടക്കുന്ന മീനുണ്ടാകും. പ്ലാവിൻ കൊമ്പിൽ വന്നിരുന്ന് പടേ പടേ എന്ന് മീനിന്റെ കഥ കഴിക്കും. പിന്നെ മെല്ലെ മെല്ലെ വിഴുങ്ങും.

ഈ സുഖസൗകര്യങ്ങൾക്കിടയിലേക്കാണ് മണ്ടുകൻ ആമയുടെ കടന്നുകയറ്റം. സുന്ദരി പൊൻമാൻ പ്ലാവിലകൾക്കിടയിലൂടെ കുളത്തിലേക്ക് സൂ



▸▸ ലോകത്താദ്യമായി ജി.എസ്.ടി നടപ്പാക്കിയ രാജ്യം– ഫ്രാൻസ് (1954)

ക്ഷിച്ച് നോക്കി. ജലപ്പരപ്പിൽ പൊങ്ങിക്കിടന്ന് രാവിലത്തെ ഇളം വെയിൽ കായുകയാണ് മൂപ്പർ. കഴുത്ത് വെള്ളത്തിന് മുകളിലുണ്ട്. പുറംകാഴ്ച ആസ്വദിക്കുകയാണ് വിദ്വാൻ. നീന്തൽ പഠിക്കുന്ന കുട്ടികളെപ്പോലെ ഇടക്ക് കൈകാലുകൾ ഇളക്കി രസിക്കുന്നു.

മണ്ടുകന്റെ ഈ അഭ്യാസപ്രകടനം കണ്ട് മൽസ്യങ്ങൾ ഭയന്ന് അകന്നു നിൽക്കുകയാണ്. തന്റെ അന്നം മുട്ടിക്കുന്ന ആമയോട് അവൾക്ക് കലശലായ ദേഷ്യം തോന്നി. ഇവനെ ഓടിച്ചില്ലെങ്കിൽ തന്റെ കാര്യം പോക്കാ. അവന്റെ ഭാവം കണ്ടാൽ കുളം സ്വന്തമാണെന്ന് തോന്നും. ഇവനെ അങ്ങനെ വിട്ടാൽ പറ്റില്ല. രണ്ട് വർത്തമാനം പറഞ്ഞിട്ട് തന്നെ കാര്യം.

“ഹേ, ആമച്ചാരേ..” അവൾ പ്ലാവിലിരുന്ന് ഉറക്കെ വിളിച്ചു. “വെയിലു കായുന്നോ, അതോ നീന്തൽ പഠിക്കുന്നോ?”

ആമ ശബ്ദം കേട്ട ദിക്കിലേക്ക് കഴുത്ത് തിരിച്ച് നോക്കി. “ഞാനാ സുന്ദരി പൊൻമാൻ. ഈ കുളത്തേയും ഇതിലെ മൽസ്യങ്ങളെയും ആശ്രയിച്ച് ജീവിക്കുന്ന പാവം പക്ഷി. ഇന്ന് നേരം വെളുത്തിട്ട് ഒന്നും കഴിച്ചിട്ടില്ല. അതെങ്ങനെയാ, താങ്കളുടെ അഭ്യാസപ്രകടനം കണ്ട് മീനുകൾ പേടിച്ചിരിക്കുകയല്ലേ. ഒന്ന് നിർത്തി സ്ഥലം ഒഴിഞ്ഞ് തന്നാൽ വലിയ ഉപകാരം.”

മണ്ടുകൻ കുറച്ചുനേരം പൊൻമാനെ തുറിച്ച് നോക്കിയിട്ട് നീരസത്തോടെ പറഞ്ഞു: “ഞങ്ങൾ ആമകൾക്ക് വെയിലുകൊണ്ടുള്ള ഈ കിടപ്പ് ഇഷ്ടവിനോദമാണ്. അത് നിർത്തണമെന്ന് പറയാൻ നീ ആരാ? നാട്ടിൽ കുളങ്ങൾ വേറെയില്ലേ? അവിടെ മീനുകളും കാണും. സുന്ദരിക്ക് എന്നെ ഒഴിവാക്കി ഇവിടുന്ന് തന്നെ ഇര പിടിക്കണമെന്നത് ദുശ്ശാഠ്യമല്ലേ... അത് നടക്കില്ല.”

മണ്ടുകൻ വെല്ലുവിളി പോലെ കൈകാലുകൾ ശക്തിയായി ഇളക്കി കുളം കലക്കാൻ തുടങ്ങി. അഹങ്കാരിയായ ആമയോട് തർക്കിച്ചിട്ട് കാര്യമില്ലെന്ന് സുന്ദരി പൊൻമാന് തോന്നി. പക്ഷേ ഇവന്റെ ഉപദ്രവം അവസാനിപ്പിച്ചല്ലേ പറ്റൂ. അത് ഒറ്റക്ക് നടക്കില്ല. മറ്റാരുടെയെങ്കിലും സഹായം തേടണം.

പെട്ടെന്ന് അവൾക്ക് നീലാണ്ടൻ കാക്കയുടെ കാര്യം ഓർമ്മ വന്നു. ആർക്കും ഉപകാരിയാണവൻ. സ്കൂൾ പറമ്പിലെ ചില്ലിത്തെങ്ങിലാണ് നീലാണ്ടൻ കാക്കയുടെ വാസം. ചെന്ന് സഹായം അഭ്യർഥിക്കുക തന്നെ. അവൻ എന്തെങ്കിലും പോംവഴി കണ്ടെത്തും. സുന്ദരി പൊൻമാൻ

## ആദ്യ ഇംഗ്ലീഷ് പത്രം

1860-ൽ കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ച ‘വെസ്റ്റേൺ സ്റ്റാർ’ ആണ് കേരളത്തിലെ ആദ്യ ഇംഗ്ലീഷ് പത്രം. സി.ജെ കുര്യൻ, എച്ച്.വി പോക്കർ എന്നിവരാണിത് ആരംഭിച്ചത്. 1864-ൽ പുറത്തിറങ്ങിയ ‘പശ്ചിമ താരകം’ ആണ് ഇതിന്റെ മലയാളം പതിപ്പ്.




▸▸ നെൽസൺ മണ്ടേലയുടെ ആത്മകഥ– ( വാക് ടു ഫ്രീഡം

നീലാണ്ടൻ കാക്കയെ തേടി പുറപ്പെട്ടു.

അവൻ സ്കൂളിന് മുന്നിലെ കാറ്റാടി മരത്തിലുണ്ടായിരുന്നു. ഒഴിവു ദിവസമായതുകൊണ്ട് കുട്ടികൾ ഇല്ല. പാചകപ്പുര അടഞ്ഞു കിടക്കുന്നു. തന്നെപ്പോലെ നീലാണ്ടൻ കാക്കക്കും പട്ടിണി തന്നെ. ''നീലാണ്ടാ, നീ എന്നെ ഒന്ന് സഹായിക്കണം.'' ചെന്ന ഉടനെ സുന്ദരി മണ്ടുകൻ ആമയുടെ ശല്യത്തെക്കുറിച്ച് പരാതിപ്പെട്ടു.

''നീ വിഷമിക്കേണ്ട, നമുക്ക് പരിഹാരം ഉണ്ടാക്കാം.'' എല്ലാം കേട്ട നീലാണ്ടൻ അവളെ ആശ്വസിപ്പിച്ചു. ''നീ അതു കണ്ടോ?'' സ്കൂൾ ഗ്രൗണ്ടിലെ ഒഴിഞ്ഞ മൂലയിൽ പഴയ സാരിയും പ്ലാസ്റ്റിക് ഷീറ്റും കൊണ്ട് തീർത്ത ചെറിയ കൂടാരം ചൂണ്ടിക്കാട്ടി നീലാണ്ടൻ കാക്ക പറഞ്ഞു.

''എവിടെ നിന്നോ വന്ന നാടോടികളാണതിൽ താമസിക്കുന്നത്. എന്തു പണിയും ചെയ്യും. പകൽ മുഴുവൻ കറങ്ങി നടക്കും. ആമകളെ കണ്ടാൽ വിടില്ല.''

''അയ്യോ അതൊന്നും വേണ്ട.'' സുന്ദരി പൊൻമാൻ ആശങ്കയോടെ പറഞ്ഞു. ''മണ്ടുകനെ ഒന്ന് പേടിപ്പിച്ച് വിട്ടാൽ മതി. എവിടെയെങ്കിലും പോയി ജീവിച്ചോട്ടെ. നാടോടികളെ കൊണ്ട് പിടിപ്പിക്കണ്ട.''

''ഇല്ല, ഞാൻ പറഞ്ഞെന്നേയുള്ളൂ.'' നീലാണ്ടൻ കാക്ക ചിരിച്ചു.

''അവരുടെ കണ്ണിൽ പെടാതിരുന്നാൽ അവന് കൊള്ളാം. ഏതായാലും വാ, ഞാൻ മണ്ടുകനോട് ഒന്ന് സംസാരിക്കട്ടെ.''

സുന്ദരിയും നീലാണ്ടൻ കാക്കയും കുളക്കരയിൽ എത്തി. കുളമാകെ അലങ്കോലപ്പെട്ട് കിടക്കുന്നു. ആരോ ഇറങ്ങിയ പോലെ വെള്ളം കലങ്ങിയിട്ടുണ്ട്.

''സുന്ദരീ, ചതിച്ചു!'' നീലാണ്ടൻ പരിഭ്രാന്തിയോടെ പറഞ്ഞു.

''നാടോടികൾ കുളത്തിൽ ഇറങ്ങി തപ്പിയിട്ടുണ്ട്. മണ്ടുകനെ അവർ പിടികൂടിയിട്ടുണ്ടാവും.''

''നേരോ...!'' സുന്ദരി പൊൻമാന്റെ തൊണ്ടയിടറി. അവനെ ഭയപ്പെടുത്തണമെന്നേ ഉണ്ടായിരുന്നുള്ളൂ. കഷ്ടമായിപ്പോയി.

''ഞാൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ മണ്ടുകന് ഒന്നും സംഭവിക്കില്ലായിരുന്നു!'' അവൾക്ക് കരച്ചിൽ വന്നു.

''ഇനി അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. വരാനുള്ളത് വഴിയിൽ തങ്ങില്ല എന്ന് കേട്ടിട്ടില്ലേ.''

അവർ രണ്ടുപേരും മുഖത്തോട് മുഖം നോക്കി വിഷമിച്ചിരിക്കെ പഴയ അലക്കു കല്ലിന്റെ അടിയിൽ നിന്നും മണ്ടുകൻ മെല്ലെ വെളിയിൽ വന്നു.

''ചങ്ങാതികളേ, എനിക്കൊന്നും പറ്റിയിട്ടില്ല.'' ഭയം വിട്ടൊഴിയാത്ത കണ്ണുകളോടെ അവൻ

## സ്വർണം

സ്വർണത്തിന്റെ ഭാരം പ്രസ്താവിക്കുന്ന യൂണിറ്റാണ് പവൻ. ഒരു പവൻ 8 ഗ്രാം ആണ്. സ്വർണത്തിന്റെ പരിശുദ്ധി പ്രസ്താവിക്കുന്ന യൂണിറ്റാണ് കാരറ്റ്. ശുദ്ധ സ്വർണം 24 കാരറ്റ് ആണ്.



▸▸ കേരളം, കർണ്ണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെ ഔദ്യോഗിക മൃഗമാണ് ആന

സുന്ദരി പൊൻമാനെയും നീലാണ്ടൻ കാക്കയെയും നോക്കി. ''ആയുസ്സിന്റെ ബലം കൊണ്ട് രക്ഷപ്പെട്ടതാ.''

അവൻ നടന്നത് വിവരിച്ചു. ''സുന്ദരി പിണങ്ങിപ്പോയ പിറകെ ആരോ കുളക്കരയിലേക്ക് വരുന്നത് ഞാൻ കണ്ടു. സംശയം തോന്നി കല്ലിനടിയിൽ കയറി ഒളിച്ചതാ. നാടോടികളായിരുന്നു. കുളം മുഴുവൻ അവർ അരിച്ചുപെറുക്കി. വെറും കൈയോടെ പോയി.''



കുറച്ച് നേരത്തേക്ക് ആരുമൊന്നും മിണ്ടിയില്ല. ''ഏതായാലും അപകടം ഒഴിഞ്ഞല്ലോ!'' നീലാണ്ടൻ കാക്ക ചിരിച്ചു. ''എന്റെ ഭാഗത്തും തെറ്റുണ്ട്. സുന്ദരി പൊൻമാനെ വിഷമിപ്പിച്ചതിന്റെ ശിക്ഷയാകാം.'' മണ്ടുകന്റെ വാക്കുകളിൽ കുറ്റബോധം.

''നൻമയുള്ളവരെ ഉപദ്രവിക്കരുത് മണ്ടുകാ.'' നീലാണ്ടൻ മധ്യസ്ഥന്റെ ഭാഷയിൽ പറഞ്ഞു. ''രണ്ട് കൂട്ടരും സ്നേഹത്തോടെ കഴിയുക. സുന്ദരി പൊൻമാൻ ആവശ്യമുള്ള മീൻ പിടിച്ചോട്ടെ. അതിനു ശേഷം മതി മണ്ടുകന്റെ വെയിൽ കായൽ.''

''ശരി, സമ്മതിച്ചിരിക്കുന്നു''– മണ്ടുകൻ തല കുലുക്കി. ''അപ്പോ നമുക്ക് പിരിയാം.'' നീലാണ്ടൻ കാക്ക യാത്ര പറഞ്ഞപ്പോൾ രണ്ടു പേരുടെയും മുഖത്ത് പ്രകാശം പരന്നു.

▸▸ ദ്രവണാങ്കം ഏറ്റവും കുറഞ്ഞ ലോഹം – മെർക്കുറി